പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3786 31.01.2014-ൽ മറുപടിയ്ക്ക്

## വേനൽക്കാലത്തെ വൈദ്യുതി നിയന്ത്രണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| വരുന്ന വേനൽക്കാലത്ത് ലോഡ് ഷെഡിംഗും, പവർകട്ടും ഉൾപ്പെടെയുള്ള വൈദ്യുതി നിയന്ത്രണം വേണ്ടിവരുമോ ? | ഇല്ല. സംസ്ഥാനത്ത് പ്രതീക്ഷിക്കുന്ന ജലവൈദ്യുതോൽപ്പാദനത്തിനും, കേന്ദ്ര നിലയങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന വൈദ്യുതിക്കും പുറമേ വേണ്ടിവരുന്ന ഊർജ്ജാവശ്യകത നിറവേറ്റുന്നതിന്, വൈദ്യുതി വ്യാപാരികളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് കെ. എസ്. ഇ. ബി ലിമിറ്റഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ വേണ്ടിവരുന്ന വൈദ്യുതി, എനർജി എക്സ്ചേഞ്ചുകളിൽ നിന്നും, സംസ്ഥാനത്തെ വില കൂടിയ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും, വാങ്ങി ഉപയോഗിച്ച്, വരുന്ന വേനൽക്കാലത്ത് ലോഡ് ഷെഡ്ഡിംഗ്, പവർകട്ട് ഉൾപ്പെടെയുള്ള വൈദ്യുതി നിയന്ത്രണങ്ങൾ ഒഴിവാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. എന്നാൽ മറ്റു മേഖലകളിൽ നിന്നും ദക്ഷിണ മേഖലയിലേയ്ക്കും, ദക്ഷിണ മേഖലയിലെ **S1-S2** കോറിഡോറിലും പ്രസരണ ശൃംഖലയിൽ പരിമിതി നിലനിൽക്കുന്നതിനാൽ പലപ്പോഴും വൈദ്യുതി വ്യാപാരികൾ വഴി വൈദ്യുതി കൊണ്ടു വരുന്നതിന് ഓപ്പൺ ആക്സസ് ലഭിക്കാതിരിക്കുന്ന സാഹചര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.